നം. 20/2017/SRG/CC

**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 07.06.2017ന് കൂടിയ യോഗത്തിന്റെ നടപടി വിവരം**

**യോഗം രാവിലെ 12.00 മണിക്ക് ബഹു. തദ്ദേശഭരണവകുപ്പ് മന്ത്രിയുടെ ചേംബറിൽ ആരംഭിച്ചു. ബഹു.മന്ത്രി യോഗത്തിൽ അദ്ധ്യക്ഷതവഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.**

**1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017 - 18 വാർഷിക പദ്ധതിയുടെ അംഗീകാരം സംബന്ധിച്ച് പുരോഗതി യോഗം വിലയിരുത്തി.**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017-18- വാർഷിക പദ്ധതി അംഗീകാരം സംബന്ധിച്ച പുരോഗതി യോഗം അവലോകനം ചെയ്തു. ഇതുവരെ 898 തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ഡി.പി.സിക്കു സമർപ്പിച്ചിട്ടുണ്ട്. അതിൽ 896 തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ഡി.പി.സി. അംഗീകരിച്ചു. എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിക്ക് അംഗീകാരത്തിന് സമർപ്പിച്ചു. ഇനിയും വാർഷിക പദ്ധതി ഡി.പി.സി. ക്കു സമർപ്പിക്കാനുള്ള 302 തദ്ദേശഭരണ സ്ഥാപനങ്ങളും 15.06.2017 നു മുമ്പ് ഡി.പി.സിക്കു സമർപ്പിച്ച് അംഗീകാരം വാങ്ങാൻ വേണ്ട അടിയന്തിര നടപടി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും സ്വീകരിക്കണം. ഓരോ ദിവസം പഞ്ചായത്ത് ഡയറക്ടറും നഗരകാര്യഡയറക്ടറും ഇവ പ്രത്യേകമായി അവലോകനം ചെയ്ത് എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ട് എങ്കിൽ പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം.

(നടപടി- 1. ഗ്രാമവികസന കമ്മീഷണർ
2. പഞ്ചായത്തു ഡയറക്ടർ
3. നഗരകാര്യ ഡയറക്ടർ)

2 **പൊതുവിഷയങ്ങൾ**

2.1 പല തദ്ദേശഭരണ സ്ഥാപനങ്ങളും ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം പണിയുന്നതിനും മറ്റും സ്ഥലം വാങ്ങിയിട്ടുണ്ട്. കൂടാതെ കെട്ടിടവും പണിതിട്ടുണ്ട്. എന്നാൽ പലതും ഇതുവരെയും ഉപയോഗിക്കാതെ കിടക്കുകയാണ്. ഇത്തരം ആസ്തികളുടെ കണക്കെടുത്ത് ഇവ ഉപയോഗപ്രദമാക്കി ലക്ഷ്യം കൈവരിക്കുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ അടിയന്തിര നടപടി സ്വീകരിക്കണം. ഈ ആസ്തികളുടെ വിവരം പെർഫോർമൻസ് ഓഡിറ്റ് വിഭാഗം ഓരോ തദ്ദേശഭരണസ്ഥാപനത്തിന്റെയും പ്രത്യേകമായി ശേഖരിച്ച് ജില്ലാ തലത്തിൽ ക്രോഡീകരിക്കണം. പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ ഇത് സംബന്ധിച്ച് വിലയിരുത്തി നടപടി സ്വീകരിക്കണം. ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിടങ്ങൾ, പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് / റീ സൈക്ലിംഗ് യൂണിറ്റ് തുടങ്ങിയവയ്ക്ക് ഉപയോഗിക്കാൻ ശ്രമിക്കണം.

(നടപടി - 1. തദ്ദേശസ്വയംഭരണ (എഎ) വകുപ്പ്
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ
**2.** ഗ്രാമവികസന വകുപ്പ് കമ്മീഷണർ
**3.** പഞ്ചായത്ത് ഡയറക്ടർ
**4.** നഗരവികസന ഡയറക്ടർ)

2.2 2015–16–നു മുമ്പുള്ള സ്പിൽഓവർ പ്രോജക്ടുകൾ ഇനി തുടരേണ്ടതില്ലെന്ന് നിർദ്ദേശിച്ചിരുന്നു. പല തദ്ദേശഭരണ സ്ഥാപനങ്ങളും ഇത്തരം സ്പിൽഓവർ പ്രോജക്ടുകൾ എടുക്കാൻ പല തദ്ദേശഭരണ സ്ഥാപനങ്ങൾക്കും അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്. കരാർ വച്ച് നിർവഹണം/നിർമ്മാണം തുടങ്ങിയ പ്രോജക്ടുകൾ 2017–18–ലെ പദ്ധതി വിഹിതമോ തനത്ഫണ്ടോ ഉപയോഗിച്ച് അന്തിമ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ അനുമതി നൽകാൻ തീരുമാനിച്ചു. ഇതിനുള്ള ക്രമീകരണങ്ങൾ സുലേഖ സോഫ്റ്റ് വെയറിൽ ഇന്നുതന്നെ വരുത്തണം.

(നടപടി – 1. തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്.
2. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.)

**2.3** ചില തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017–18 വാർഷിക പദ്ധതിയിൽ സ്പിൽഓവർ പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല. ഇവ കൂടി ഉൾപ്പെടുത്തി ഇത്തരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി പൂർണ്ണമാക്കണം ഇവ ഉൾപ്പെടുത്തി വാർഷിക പദ്ധതി അന്തിമാക്കുന്നതിന് സുലേഖ സോഫ്റ്റ് വെയറിൽ ആവശ്യമായ ക്രമീകരണം 15.06.2017–നുശേഷം വരുത്താൻ തീരുമാനിച്ചു.

(നടപടി – 1. തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്
2. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.)

2.4 ഗ്രാമപഞ്ചായത്തുകളുടേയും നഗരസഭകളുടേയും തൊഴിൽകരം പരിഷ്കരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചു.

(നടപടി – തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ് )

2.5 പുല്ലുവിള ഭാഗത്ത് തെരുവുനായയുടെ കടിയേറ്റ് രണ്ടുപേർ മരണപ്പെട്ടിട്ടുണ്ട്. ഈ പ്രദേശങ്ങളിലെ നായകൾ പൊതുവേ അക്രമസ്വഭാവമുള്ളയാണ്. ജൂലൈ 15 വരെ നടത്തുന്ന സമഗ്ര എ.ബി.സി. പ്രോഗ്രാമിനു ശേഷം സ്ഥിതിഗതി വിലയിരുത്തി അക്രമ സ്വഭാവമുള്ള നായകളെ സംബന്ധിച്ച് പിന്നീട്ടു തീരുമാനമെടുക്കുന്നതാണ്. കൂടാതെ വെറ്റിനറി ഡോക്ടർമാരുടെ ഒരു ടീം രൂപീകരിച്ച് ഈ ഭാഗത്തെ തെരുവുനായ പ്രശ്നം പ്രത്യേകമായി വിലയിരുത്താൻ നടപടി സ്വീകരിക്കണം.

(നടപടി – തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്,
2. ഡയറക്ടർ, മൃഗസംരക്ഷണവകുപ്പ് )

2.6 വൃദ്ധരായുള്ളവർക്ക് കട്ടിൽ നൽകുന്നതിന് കട്ടിലിന്റെ യൂണിറ്റ് ചെലവ് പുതുക്കി നിശ്ചയിക്കുന്നതിന് ശുപാർശ സമർപ്പിക്കാൻ തദ്ദേശവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. ചീഫ് എഞ്ചിനീയർ 27.03.2017 ലെ DB3/753/2012/CE/തസ്വഭവ നമ്പർ പ്രകാരം നൽകിയ ശുപാർശയിൽ താഴെപറയുന്ന നിരക്കു നിശ്ചയിച്ച് അംഗീകരിച്ചു.

കട്ടിലിന്റെ നീളം 1.98 മീറ്റർ വീതി 90 സെ.മി.

കട്ടിലിന്റെ മുൻകാൽനീളം 60 സെ.മി, പിൻകാൽ നീളം 50 സെ.മി

കട്ടിലിൽ 8 മില്ലിമീറ്റർ പ്ലൈവുഡ്.

ഒരു കട്ടിലിന്റെ യൂണിറ്റ് ചെലവ് – 4350/– രൂപ വരെ (പരമാവധി)

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

2.7 മാർഗ്ഗരേഖ പ്രകാരം ബ്ലോക്ക പഞ്ചായത്തിന്റെ നിർമ്മാണ പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്. ഇത് പദ്ധതി നിർവ്വഹണത്തിൽ കാലതാമസമുണ്ടാക്കുമെന്നും അതിനാൽ മാനദണ്ഡപ്രകാരമുള്ള സാമ്പത്തിക പരിധിക്കു വിധേയമായി അസി. എഞ്ചിനീയറെ നിർവ്വഹണ ഉദ്യോഗസ്ഥനാക്കണമെന്നും തദ്ദേശഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ 06.06.17 ലെ **DB3/753/2012/CE** തസ്വഭവ കത്തു മുഖേന ആവശ്യപ്പെട്ടിരുന്നു. മിക്ക തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും വാർഷിക പദ്ധതി അംഗീകരിച്ചതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥനെ മാറ്റി കൊണ്ടുള്ള പ്രോജക്ട് ഭേദഗതി വരുത്തുന്നതിന് കാലതാമസമുണ്ടാകുമെന്ന് യോഗം വിലയിരുത്തി. അതിനാൽ പ്രോജക്ടുകളിൽ മറ്റു ഭേദഗതികൾ ഒന്നും വരുത്താതെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറർക്കു പകരം അസിസ്റ്റന്റ് എഞ്ചിനീയറെ നിർവ്വഹണ ഉദ്യോഗസ്ഥൻ ആക്കുവാനുള്ള ഭേദഗതി, മാനദണ്ഡപ്രകാരമുള്ള സാമ്പത്തിക പരിധി അനുസരിച്ചാണെങ്കിൽ, ജില്ലാ പ്ലാനിംഗ് ഓഫീസർക്കു വരുത്തുവാൻ സുലേഖ സോഫ്റ്റ് വെയറിൽ ക്രമീകരണം നടത്താൻ തീരുമാനിച്ചു. ഇതു സംബന്ധിച്ച വിശദാംശങ്ങൾ അതതു ബ്ലോക്കു പഞ്ചായത്തുകൾ രേഖാമൂലം ജില്ലാ പ്ലാനിംഗ് ഓഫീസർക്കു നൽകണം. തദ്ദേശഭരണ സ്ഥാപനം ആവശ്യപ്പെടുന്നതനുസരിച്ച് ജില്ലാ പ്ലാനിംഗ് ഓഫീസർ ഭേദഗതി വരുത്തണം.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

2.8 എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കൃത്യമായി ബിൽ തയ്യാറാക്കി അതാതുമാസം തന്നെ മുൻകൂട്ടി ട്രഷറികളിൽ നൽകി തുക മാറണം. ഓരോ ത്രൈമാസവും പദ്ധതി ചെലവിൽ നേടേണ്ട ലക്ഷ്യവും കൈവരിക്കണം.

(നടപടി – തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്)

2.9 ഡി.പി.സി. അംഗീകരിച്ച പ്രോജക്ടുകളുടെ വെറ്റിംഗ് 10.06.17 മുതൽ തുടങ്ങണം. ഐ.കെ.എം. സോഫ്റ്റ് വെയറിൽ അതിനുള്ള ക്രമീകരണം 8–ാം തീയതി തന്നെ വരുത്തും.

(നടപടി 1. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.)

2.10 വയനാട് ജില്ലയിലെ എല്ലാ തദ്ദേശസ്ഥാപനങ്ങളും വാർഷിക പദ്ധതി ഡി.പി.സി.ക്കു സമർപ്പിച്ച് അംഗീകാരം നേടി എന്ന് യോഗം വിലയിരുത്തി. ഇതിനു നേതൃത്വം നൽകിയ ഡി.പി.സി ചെയർമാൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ, ഡി.പി.സി മെമ്പർ സെക്രട്ടറി, ജില്ലാ പ്ലാനിംഗ് ഓഫീസർ, ഡി.പി.സി. ജോയിന്റ് സെക്രട്ടറി എന്നിവരെയും ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളേയും ഉദ്യോഗസ്ഥരെയും യോഗം അഭിനന്ദിച്ചു.

2.11 ജൂൺ 30 ന മുമ്പ് 2017–18–ലെ പുതിയ പ്രോജക്ടുകളിൽ 10 ശതമാനം ചെലവെങ്കിലും വരുത്തണം.

(നടപടി– 1. തദ്ദേശഭരണ (എഫ്.എം) വകുപ്പ്
2. നഗരകാര്യ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസനകമ്മീഷണർ)

2.12 എല്ലാ ആഴ്ചകളിലും പദ്ധതി ചെലവ് തദ്ദേശഭരണ സ്ഥാപനതലത്തിലും, ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും മോണിറ്റർ ചെയ്യണം. ആനുപാതികമായ ലക്ഷ്യം കൈവരി ക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിൽ ഇടപ്പെട്ട് പ്രശ്നം പരിഹരിക്കണം.

(നടപടി– നഗരകാര്യ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസനകമ്മീഷണർ)

2.13 പൂർത്തിയായ പ്രോജക്ടുകളുടെ ബിൽ തയ്യാറാക്കാത്തവർ, ബിൽ സമർപ്പിച്ചത്, സമർപ്പിക്കാത്തവ, ഇവ പ്രത്യേകമായി അവലോകനം ചെയ്യണം. പാർട്ട് ബില്ലായി സമർപ്പിക്കാൻ കഴിയുന്നവ അപ്രകാരം സമർപ്പിക്കണം.

(നടപടി– 1. നഗരകാര്യ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസനകമ്മീഷണർ
2. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ)

2.14 നിർമ്മാണ പ്രോജക്ടുകളുടെ സാങ്കേതികാനുമതി നൽകുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. ഇവ എല്ലാ ആഴ്ചയിലും അവലോകനം ചെയ്യണം. സാങ്കേതികാനുമതി വേണ്ട ആകെ പ്രോജക്ടുകളുടെ എണ്ണം, സാങ്കേതികാനുമതിക്ക് സമർപ്പിച്ചവയുടെ എണ്ണം, സാങ്കേതികാനുമതി നൽകിയവയുടെ എണ്ണം, സാങ്കേതികാനുമതി നൽകാത്തവയുടെ എണ്ണം എന്നിവ കൃത്യമായി എല്ലാ ആഴ്ചയിലും വിലയിരുത്തുകയും കാലതാമസം കൂടാതെ സാങ്കേതിക അനുമതി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം.

(നടപടി – ചീഫ് എഞ്ചിനീയർ, തദ്ദേശഭരണ വകുപ്പ് )

2.15 2015–16 ലെ പ്രോജക്ടുകളുടെ (31.03.17 ന മുമ്പ് പൂർത്തിയായവ) ബില്ല് 30.06.17 ന മുമ്പ് സമർപ്പിച്ച് തുക മാറുന്നതിൽ ഒരു തദ്ദേശഭരണ സ്ഥാപനങ്ങളും വീഴ്ച വരുത്തരുത്.

(നടപടി– 1. തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്
2. നഗരകാര്യ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസനകമ്മീഷണർ)

2.16 കഴിഞ്ഞ 5 വർഷക്കാലം തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ചെയ്ത റോഡു പ്രവൃത്തികളുടെ (പുതിയ നിർമ്മാണവും മെയിന്റനൻസും പ്രത്യേകമായി ) എണ്ണം, നീളം എന്നിവ അടുത്ത കോർഡിനേഷൻ കമ്മിറ്റിയിൽ നൽകണം)

(നടപടി – ചീഫ് എഞ്ചിനീയർ, തദ്ദേശഭരണ വകുപ്പ് )

2.17 എല്ലാ കോർപ്പറേഷനുകളിലെയും നഗരസഭകളിലേയും ഓഫീസുകളിൽ സി.സി.റ്റി.വി ക്യാമറകൾ സ്ഥാപിക്കണം. അതിനായി പ്രോജക്റ്റുകൾ വാർഷിക പദ്ധതി ഭേദഗതി സമയത്ത് എടുക്കാവുന്നതാണ്.

(നടപടി – തദ്ദേശസ്വയംഭരണ (ഐ.ബി) (ഡി.സി) വകുപ്പ് )

2.18 ബ്ലോക്കു പഞ്ചായത്തുകളിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ പോസ്റ്റിംഗ് സംബന്ധിച്ച പ്രശ്നം പരിഹരിക്കാൻ പ്രത്യേക ഇടപെടൽ നടത്തണം-വയനാട്, കാസർഗോഡ്, ഇടുക്കി ജില്ലകളിലെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ പോസ്റ്റുകൾ മുൻഗണന നൽകി നികത്തേണ്ടതാണ് എന്ന് തീരുമാനിച്ചു.

(നടപടി – ഗ്രാമവികസന കമ്മീഷണർ)

2.19 നഗരസഭകളുടെ പ്രവർത്തനം സംബന്ധിച്ച അവതരണം കോർഡിനേഷൻ കമ്മിറ്റിയിൽ നടത്തി നഗരസഭാ ഡയറക്ടറേറ്റിന്റെ ഇടപെടൽ സാധ്യതകൾ ഇനിയും കൂടുതൽ കാര്യക്ഷമവും വിപുലവുമാക്കണമെന്ന് യോഗം വിലയിരുത്തി.

2.20 അടുത്ത് കോർഡിനേഷൻ കമ്മിറ്റിയിൽ ശുചിത്വമിഷന്റെ പ്രവർത്തനങ്ങളും പരിപാടികളും സംബന്ധിച്ച അവതരണം നടത്തണം.

(നടപടി– എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ)

## 3. <u>മറ്റ് വിഷയങ്ങൾ</u>

### 3.1 **ഇടുക്കി ജില്ലാകളക്ടറുടെ 27.05.2017-ലെ 50/17/**DPC/DPO/IDK **നമ്പർ കത്ത്**

ഇടമലക്കുടി ഗ്രാമപഞ്ചായത്ത് 2012-13, 2013-14 വർഷങ്ങളിൽ ആരംഭിച്ച താഴെപ്പറയുന്ന പ്രോജക്റ്റുകൾ 2017-18-ൽ സ്പിൽഓവറായി തുടരാൻ അനുമതി സംബന്ധിച്ച്.

| ക്രമ നം | വർഷം | പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | തുക |
|---|---|---|---|---|
| 1 | 2012-13 | 26/13 | ഷെഡ്ഡുകുടി അങ്കണവാടി നിർമ്മാണം | 6,00,000 (ലോക ബാങ്ക് വഹിതം) |
| 2 | 2012-13 | 23/13 | മുളകുതറക്കുടി അങ്കണവാടി നിർമ്മാണം | 6,00,000 (ലോക ബാങ്ക് വഹിതം) |
| 3 | 2013-14 | | കുടുംബശ്രീക്ക് ഓഫീസ് കെട്ടിടവും പലഹാര നിർമ്മാണ യൂണിറ്റും | 8,82,882 (വികസനഫണ്ട് ) |

**<u>തീരുമാനം</u>** – മുകളിൽ പറഞ്ഞ പ്രോജക്റ്റുകൾ എഗ്രിമെന്റ് വച്ച് ആരംഭിച്ചിട്ടില്ലായെങ്കിൽ, 2017-18-ൽ പുതിയ പ്രോജക്റ്റായി എടുക്കാവുന്നതാണ്. നിർമ്മാണം ആരംഭിച്ചിട്ടുണ്ടെങ്കിൽ പൊതുതീരുമാനം ഖണ്ഡിക 2.2 ബാധകമാണ്.

(നടപടി – തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ് )

### 3.2 **<u>ചിറ്റൂർ ശിശുവികസന പദ്ധതി ഓഫീസറുടെ 09.05.2017-ല 270/16-ാം നമ്പർ കത്തും ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 09.05.2017-ലെ കത്തും</u>**

ചിറ്റൂർ ICDS പ്രോജക്റ്റിന്റെ 1987 മോഡൽ ജീപ്പിനു പകരം പുതിയ വാഹനം വാങ്ങാൻ അനുപൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്ര വിഹിതമായി ലഭിച്ച തുകയിൽ മിച്ചം വന്ന 30.00 ലക്ഷം രൂപയിൽ നിന്നും 7 ലക്ഷം രൂപ ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** – (i) അനുപൂരക പോഷകാഹാര പരിപാടിയുടെ ഭാഗമായി ലഭിച്ച കേന്ദ്ര വിഹിതത്തിലെ മിച്ചം വന്ന തുക ഉപയോഗിച്ച് വാഹനം വാങ്ങാവുന്നതല്ല.

(ii) വാഹനം വാങ്ങി നൽകുന്നതു സംബന്ധിച്ച് വകുപ്പുതലത്തിൽ തീരുമാനമെടുക്കണം.

(നടപടി – 1.തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2. സാമൂഹ്യനീതി വകുപ്പ്)

3.3 **<u>കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡിന്റിന്റെ 23.05.2017–ലെ 06/171/17–ാം നമ്പർ കത്ത്</u>**

ജില്ലാ പഞ്ചായത്തിന്റെ Vented Cross Bar(വി.സി.ബി) നിർമ്മാണം, ജല സംരക്ഷണ പ്രവർത്തനം, മാമ്പുഴ നവീകരണം എന്നീ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥനായി മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതല പ്പെടുത്താൻ അനുമതി സംബന്ധിച്ച്.

**<u>തീരുമാനം</u>** – അനുമതി നിരസിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ നിർവ്വഹണ ചുമതല ഏൽപ്പിക്കണം.

(നടപടി– തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് )

3.4 **<u>കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 22.05.2017–ലെ PC1/7200/2016–ാം നമ്പർ കത്ത്</u>**

താഴെപ്പറയുന്ന പ്രോജക്ട് 2016–17–ൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. അടങ്കൽ തുക 18.00 ലക്ഷം രൂപ. വിഹിതം വികസനഫണ്ട്(ജനറൽ). എന്നാൽ ഈ പ്രവൃത്തിക്ക് 2,55,794/– രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് പിൻവലിച്ചു നൽകി. ഇപ്രകാരം അക്കൗണ്ട് ഹെഡ് മാറി ചെലവഴിച്ച നടപടിക്ക് സാധൂകരണം സംബന്ധിച്ച്.

പ്രോജക്ടിന്റെ പേര്:– ഡിവിഷൻ 13 വടക്കും ഭാഗം റോഡ് റീ ടാറിംഗും, ലേക്ക് ദർശൻ നഗർ റോഡ് – പൈമേലി റോഡ് നിർമ്മാണവും.

**തീരുമാനം** – പ്രത്യേക അനുമതി നൽകുന്നു. ചെലവഴിച്ച തുക അതാത് അക്കൗണ്ട് ഹെഡിൽ തന്നെ ചേർക്കണം.

(നടപടി– തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ് )

3.5 **<u>ബഹു.കുന്നമംഗലം എം.എൽ.എയുടെ 16.05.2017–ലെ T – 163/2017––ാംനമ്പർ കത്ത്</u>**

ലക്ഷം വീട് കോളനികളിലും നാല്സെന്റ് കോളനികളിലും മുമ്പ് വീടും സ്ഥലവും നൽകിയവർ അവിടം വിട്ടുപോയപ്പോൾ പുതിയ ആളുകളാണ് അവിടങ്ങളിൽ താമസിച്ചു വരുന്നത്. ഇങ്ങനെ പുതിയ താമസക്കാർ വസിക്കുന്ന വീടുകൾ അവരുടെ പേരിലല്ലാത്തതുകൊണ്ട് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇവർക്ക് പ്രസ്തുത സ്ഥലത്ത് തന്നെ വീട്ടു പുതുക്കി പണിയാൻ ആനുകൂല്യം ലഭിക്കുന്നതിന് സ്ഥലത്തിന്റെ ഉടമസ്ഥാവകാശ രേഖ ലഭിക്കുന്നത് സംബന്ധിച്ച്.

**<u>തീരുമാനം</u>** – ഇതിന്മേൽ ഉചിതമായ നടപടി സ്വീകരിക്കാൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

(നടപടി– 1. തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2. റവന്യൂ കമ്മീഷണർ)

**3.6 ബഹു.കോട്ടയ്ക്കൽ എം.എൽ.എയുടെ 22.05.2017–ലെ കത്തും കോട്ടയ്ക്കൽ മുനിസിപ്പൽ ചെയർമാന്റെ 18.05.2017–ലെ കത്തും**

സമഗ്ര കിണർ റീചാർജ്ജിംഗ് പരിപാടി നടപ്പാക്കുന്നതിന്റെ ഭാഗമായി 150 ച.മീറ്ററിനു മുകളിലുള്ള വീടുകൾക്കും കിണർ റീ ചാർജിംഗിനു സബ്സിഡി നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം**– മുനിസിപ്പൽ പ്രദേശത്തെ എല്ലാ വീടുകളിലും സമഗ്രകിണർറീചാർജിംഗ് പരിപാടി നടപ്പാക്കാനാണെങ്കിൽ 150.ചമീറ്ററിനു മുകളിലുള്ള വീടുകൾക്കും കിണർ റീ ചാർജ്ജിംഗ് നടത്താവുന്നതാണ്. വിശദമായ പ്രോജക്ട് മാർഗ്ഗരേഖയിലെ മറ്റു മാനദണ്ഡങ്ങൾക്ക് അനുസൃതമായി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കണം. ഡി.പി.സി. തലത്തിൽ തീരുമാനമെടുക്കണം.

(നടപടി– തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ് )

**3.7 അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 09.05.2017–ലെ എ1–493/17–ാം നമ്പർ കത്തും 29.04.2017–ലെ 1(2)–ാം നമ്പർ ഭരണ സമിതി തീരുമാനവും**

പട്ടികജാതി കുടുംബങ്ങളുടെ വാസ സ്ഥലം ഉയർത്തൽ, മത്സ്യതൊഴിലാളികൾക്ക് നീട്ടുവലയും തെർമോകോൾ യാനവും എന്നീ പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** – പട്ടികജാതി കുടുംബങ്ങളുടെ വാസസ്ഥലം ഉയർത്താൻ പ്രത്യേക അനുമതി നൽകുന്നു. നീട്ടുവലയും തെർമോകോൾ യാനവും മത്സ്യത്തൊഴിലാളികൾക്കു നൽകാവുന്നതാണ്. ഇതിന്റെ യൂണിറ്റ് ചെലവ് ജില്ലാതലത്തിൽ നിശ്ചയിക്കണം. കൂടാതെ ഫിഷറീസ് വകുപ്പ് / മത്സ്യഫെഡ് എന്നിവരുടെ യൂണിറ്റ് കോസ്റ്റിൽ അധികരിക്കാൻ പാടില്ല.

(നടപടി– തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് )

**3.8 കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 10.05.2017–ലെ കത്തും 06.05.2017–ലെ 2(5) നമ്പർ ഭരണസമിതി തീരുമാനവും**

ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള പഞ്ചായത്തുകളിലെ വിദ്യാർത്ഥികൾക്ക് കായിക വിനോദത്തിന്റെ ഭാഗമായി പരിശീലനം, മോട്ടിവേഷൻ ക്ലാസ്, കളിയുപകരണങ്ങൾ എന്നിവയ്ക്കായി ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്ന് 20,000/–രൂപ ചെലവഴിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം**– അനുമതി നിരസിച്ചു. പദ്ധതി ആസൂത്രണ മാർഗ്ഗരേഖപ്രകാരം നിർവ്വഹണം നടത്തണം.

(നടപടി– തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ് )

**3.9 ചേലമ്പ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും (ലഭിച്ചത് 22.05.2017) 24.04.2017-ലെ 1(1) - ാം നമ്പർ ഭരണസമിതി തീരുമാനവും.**

2016-17 വാർഷിക പദ്ധതിയിൽ 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൈക്കിൾ, ഏഴാം ക്ലാസ്സുവരെയുള്ള എസ്.സി. കുട്ടികൾക്ക് പഠനോപകരണങ്ങൾ, പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് എന്നീ പദ്ധതികൾ ഉൾപ്പെടുത്തിയിരുന്നു. ലോക് സഭാ ഉപതെരഞ്ഞെടുപ്പ് വന്നതിനാൽ നടപ്പാക്കിയില്ല. ഈ പ്രോജക്ടുകൾ സ്പിൽഓവറായി എടുത്ത് മുകളിൽ പറഞ്ഞ പദ്ധതികൾക്കായി കഴിഞ്ഞവർഷം തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് ഈ സഹായങ്ങൾ നല്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** - അനുമതി നൽകുന്നു.

(നടപടി- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് )

**3.10 ബഹു. ഉദുമ എം.എൽ.എയുടെ 16.05.2017-ലെ കത്തും ദേലംപാടി ഗ്രാമപഞ്ചായത്ത് പ്രസിഡിന്റിന്റെ 15.05.2017-ലെ എ2-930/46(1)-ാം നമ്പർ കത്ത്**

ദേലംപാടി ഗ്രാമപഞ്ചായത്തിൽ ഉദ്യോഗസ്ഥരുടെ കുറവ് മൂലം 2016-17 വാർഷിക പദ്ധതിയിലെ പല പ്രോജക്ടുകളും നടപ്പാക്കാൻ കഴിഞ്ഞില്ല. ആയതിനാൽ ഇവ 2017-18-ൽ സ്പിൽഓവറായി തുടരാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** -

1. ഡി.പി.സി. അംഗീകരിച്ച എല്ലാ പ്രോജക്ടുകളും 2017-18-ൽ സ്പിൽഓവറായി തുടരാവുന്നതാണ്.
2. 2016-17-ന് പഞ്ചായ ത്തിന്റെ പദ്ധതി ചെലവ് 47 ശതമാനമാണ്. പഞ്ചായത്തിന്റെ ആസൂത്രണ നിർവഹണം പ്രത്യേകമായി അവലോകനം ചെയ്യാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

(നടപടി - ഡയറക്ടർ, പഞ്ചായത്ത് )

**3.11 കുളത്തുപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡിന്റിന്റെ 02.06.2017-ലെ കത്ത്**

പഞ്ചായത്തിന് ധനകാര്യ കമ്മീഷൻ ഗ്രാന്റായി 2,48,27,000/-രൂപ 2017-18-ൽ അനുവദിച്ചിട്ടുണ്ട്. ഇതിൽ 150.00 ലക്ഷം രൂപ ഭവന നിർമ്മാണ പദ്ധതിക്കായി ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം**- അനുമതി നിരസിച്ചു.

(നടപടി - തദ്ദേശഭരണ (ഡി.ബി) വകുപ്പ് )

**3.12 വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 09.05.2017-ലെ കത്ത്**

വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള താലൂക്ക് ആശുപത്രിയിൽ ഈ വർഷം ജില്ല-ബ്ലോക്ക്-ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടെ ഡയാലിസിസ് സെന്റർ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി മലപ്പുറം ജില്ലയിലെ മറ്റു തദ്ദേശഭരണ സ്ഥാപനങ്ങൾ തുക വകയിരുത്താൻ നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** - സംയുക്ത പ്രോജക്ട് ഏറ്റെടുക്കുന്നത് സംബന്ധിച്ച് ജില്ലാ തലത്തിലാണ് തീരുമാനമെടുക്കേണ്ടത്. താലൂക്കാശുപത്രിക്ക കീഴിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾക്ക് ഭരണ സമിതി തീരുമാന പ്രകാരം തുക നൽകാവുന്നതാണ്. ജില്ലാ പഞ്ചായത്തു വിഹിതം ഉപയോഗി ക്കാവുന്നതല്ല.

(നടപടി – തദ്ദേശഭരണ (ഡി.ബി) വകുപ്പ്)

**3.13 <u>വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 08.05.2017–ലെ കത്ത്</u>**

അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താൻ തീരുമാനിച്ച ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി വിഹിതം ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

**<u>തീരുമാനം</u>**– അനുമതി നിരസിച്ചു.

(നടപടി – തദ്ദേശഭരണ (ഡി.ബി) വകുപ്പ്)

**3.14 <u>മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.04.2017–ലെ കത്തും 11.04.2017–ലെ 7(3) –ാം നമ്പർ ഭരണസമിതി തീരുമാനവും</u>**

2016–17–ലെ മാനിന കുടിവള്ള പദ്ധതി അറ്റകുറ്റപ്പണി എന്ന പ്രോജക്റ്റ് ഡി.പി.സി. അംഗീകരിച്ചിരുന്നുവെങ്കിലും ടെണ്ടർ നടപടി പൂർത്തിയായില്ല. സ്പിൽഓവറായി തുടരാൻ അനുമതി സംബന്ധിച്ച്.

**<u>തീരുമാനം</u>** – ഡി.പി.സി. അംഗീകരിച്ച 2016–17 ലെ എല്ലാ പ്രോജക്ടുകളും സ്പിൽഓവറായി തുടരാവുന്നതാണ്.

(നടപടി – തദ്ദേശഭരണ (എഫ്.എം വകുപ്പ്)

**3.15 <u>ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 16.01.2016–ലെ</u>** <u>ED–2325/16</u> **<u>–ാം നമ്പർ കത്തും</u>**

ജില്ലാ പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്ന സ്കൂളുകൾക്ക് ബസ്സ് വാങ്ങി നൽകാൻ പ്രോജക്റ്റ് തയ്യാറാക്കിയിരുന്നു. 23 സീറ്റിനും 30 സീറ്റിനും ഇടയിലുള്ള 10 വാഹനം വാങ്ങാനാണ് തീരുമാനമെടുത്തത്. ബസ് കമ്പനികളിൽ നിന്ന് നേരിട്ട് വാങ്ങാൻ തീരുമാനിച്ചു. കമ്പനി നൽകിയ സ്പെസിഫിക്കേഷനും വിലയും താഴെ ചേർക്കുന്നു.

**Eicher – 24+1** സീറ്റ് (സ്റ്റാർ മോഡൽ) – 10,75,000/– രൂപ
**Mahindra – 24+1** സീറ്റ് (ട്ടൂറിസ്റ്റർ മോഡൽ) – 11,33,900/– രൂപ
**Tata – 26+1** സീറ്റ് (സ്റ്റാർ ബസ്) – 12,99,623/– രൂപ

08.07.2015 ലെ ഭരണസമിതി തീരുമാനത്തിനനുസൃതമായ വാഹനം റ്റാറ്റാ കമ്പനിയുടേതാണെന്നതിനാൽ റ്റാറ്റയുടെ വാഹനം വാങ്ങാൻ ജില്ലാ പഞ്ചായത്ത് തീരുമാനിച്ചിരുന്നു. കമ്പനിയിൽ നിന്നല്ലാതെ ഏജൻസി മുഖേന വാങ്ങുകയാണെങ്കിൽ 11,19,623/– രൂപ നൽകിയാൽ മതിയെന്ന കാരണത്താൽ (ഒരു ബസിന് – 1,80,000 രൂപ കുറവ്) ടാറ്റയുടെ ഔദ്യോഗിക ഡീലർ ആയ പോപ്പുലർ മെഗാ മോട്ടേഴ്സ് (ഇന്ത്യ) യിൽ നിന്ന് 8 വാഹനം വാങ്ങി . സർക്കാർ അനുമതിയില്ലാതെയാണ് വാഹനം വാങ്ങിയത്. ഇതിന് സാധൂകരണം സംബന്ധിച്ച്.

**<u>തീരുമാനം</u> –** ഈ വിഷയം കൂടുതൽ പഠിച്ചു പിന്നീട്ട പരിഗണിക്കാൻ തീരുമാനിച്ചു.

(നടപടി – തദ്ദേശഭരണ (ഡി.ബി) വകുപ്പ്)

**3.16 അടിമാലി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 07/2017-ലെ കത്തും 02.12.2017-ലെ 12-ാം നമ്പർ ഭരണസമിതി തീരുമാനവും ഇടുക്കി ADC യുടെ 02.01.2017-ലെ D1/38/17/ADC/IDK നമ്പർ കത്തും**

അടിമാലി ബ്ലോക്ക് പഞ്ചായത്തിന് ആയുർവേദ ആശുപത്രികളൊന്നും വിട്ടുകിട്ടിയിട്ടില്ലാത്തതിനാൽ ആയുർവേദവുമായി ബന്ധപ്പെട്ട പ്രോജക്റ്റുകൾ നടപ്പാക്കാൻ ബൈസൺവാലി ആയുർവേദ ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസറെ നിർവഹണ ഉദ്യോഗസ്ഥനാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** – അനുമതി നിരസിച്ചു.

(നടപടി – തദ്ദേശഭരണ (ഡി.ഡി വകുപ്പ് )

**3.17 കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണസംഘം പ്രസിഡന്റിന്റെ 09.06.2016-ലെ കത്ത്**

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ആയുർവേദ ആശുപത്രികൾക്കുവേണ്ട മരുന്നുകൾ കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘത്തിൽ നിന്നുവാങ്ങാൻ നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** – ആയുർവേദ ഡയറക്ടർ ശുപാർശ ചെയ്യുകയാണെങ്കിൽ 11.08.2008 – ലെ 3075/08/ തസ്വഭവ സർക്കാർ ഉത്തരവിൽ പറഞ്ഞപ്രകാരം 30 മുതൽ 35 ശതമാനംവരെ വിലക്കിഴിവ് അനുവദിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

(നടപടി – 1. തദ്ദേശഭരണ (ഡി.എ) വകുപ്പ്
2. ഡയറക്ടർ DAME (ആയുർവേദം)

**3.18 കടമക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡിന്റിന്റെ 12.05.2017-ലെ S2-144/17-ാം നമ്പർ കത്തും 25.04.2017-ലെ 3(5)-ാം നമ്പർ ഭരണസമിതി തീരുമാനവും**

മത്സ്യകൃഷിയുമായി ബന്ധപ്പെട്ട് കൂട് കൃഷി (**cage culture**)ക്ക് സബ്സിഡി നൽകാൻ മാർഗരേഖയിൽ പറയുന്നുണ്ട്. മാർഗരേഖയിൽ താഴെപ്പറയുന്ന നിബന്ധനകൾ ഒഴിവാക്കണമെന്നത് സംബന്ധിച്ച്.

**(i)** ഗുണഭോക്താക്കൾ മത്സ്യതൊഴിലാളി/മത്സ്യതൊഴിലാളി ക്ലബിൽ അംഗമായ നാമമാത്ര കർഷകർ മാത്രം

**(ii)** 5 വർഷത്തിൽ ഒരിക്കൽ മാത്രം സഹായം

**തീരുമാനം** – ഈ വർഷം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി – തദ്ദേശഭരണ(ഡി.എ) വകുപ്പ്

**3.19 കടമക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡിന്റിന്റെ 12.05.2017-ലെ S2-144/17-ാം നമ്പർ കത്തും 25.04.2017-ലെ 3(3)-ാം നമ്പർ ഭരണസമിതി തീരുമാനവും**

കോഴി, കാട, താറാവ് മുതലായ വളർത്തു പക്ഷികളെ നൽകുന്നതിന് ഗുണഭോക്താവിന്റെ വരുമാന പരിധി മാർഗരേഖ പ്രകാരം ജനറലിന് 1.00 ലക്ഷം രൂപയും പട്ടികജാതി വിഭാഗക്കാർക്ക് 2.00 ലക്ഷം രൂപയുമാണ്. ഇതൊഴിവാക്കി വരുമാന പരിധിയില്ലാതെ ചെറുകിട നാമമാത്ര കർഷകർക്കെല്ലാം നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം** – ഈ വർഷം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി – തദ്ദേശഭരണ (ഡി.എ) വകുപ്പ്)

**3.20 ബഹു. കോവളം എം.എൽ.എയുടെ കത്ത് (ലഭിച്ചത് 18.05.2017–ന്)**

കേരള വാട്ടർ അതോറിട്ടിയിൽ നിന്ന് ഗാർഹിക കണക്ഷൻ നൽകുന്നതിന് സബ്സിഡിതുക ഗുണഭോക്താവിന് നേരിട്ട് നൽകുന്നതിനുപകരം **KWA**യിൽ ഡെപ്പോസിറ്റ് ചെയ്യാവുന്ന രീതിയിലാക്കണമന്നത് സംബന്ധിച്ച്.

**തീരുമാനം** – സബ്സിഡി തുക ഗുണഭോക്താവിന് നേരിട്ട് നൽകുന്ന രീതി തുടരേണ്ടതാണ്.

(നടപടി – തദ്ദേശഭരണ (എഫ്.എം) വകുപ്പ്)

**3.21. തിരൂർ നാളികേര ഉല്പാദക കമ്പനി ചെയർമാന്റെ 03.06.2017 ലെ കത്ത്**

തിരൂർ നാളികേര ഉല്പാദക കമ്പനി നീരയിൽ നിന്നും ഉണ്ടാകുന്ന നീര ചോക്ലേറ്റ്, നീര ചക്കര എന്നിവ പ്രൈമറി അങ്കണവാടി കുട്ടികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾ എന്നിവർക്ക് അങ്കണവാടി മുഖേന നൽകുന്നതു സംബന്ധിച്ച്.

**തീരുമാനം** – അങ്കണവാടി മുഖേന വിതരണം ചെയ്യുന്നതിന് അനുയോജ്യമാണോ ഇവയെന്ന് പരിശോധിച്ച് സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിക്കണം. റിപ്പോർട്ട് ലഭിച്ചതിനുശേഷം നടപടി സ്വീകരിക്കുന്നതാണ്. കമ്പനി അധികാരികൾ ഈ ഉല്പന്നം പരിശോധനക്കായി സാമൂഹ്യനീതി ഡയറക്ടർക്ക് ലഭ്യമാക്കണം. ഉല്പാദക കമ്പനി ഏതെങ്കിലും **NABL** അക്രഡിറ്റഡ് ലാബിൽ പരിശോധിച്ച് ഉല്പന്നങ്ങളുടെ പോഷക മൂല്യവും ഘടകങ്ങളും സംബന്ധിച്ച് പരിശോധനാ റിപ്പോർട്ടും നൽകണം.

(നടപടി – തദ്ദേശഭരണ വകുപ്പ്)

3.22 **ബഹു. കൽപ്പറ്റ എം.എൽ.എയുടെ 05.06.2017 ലെ കത്ത്.**

മേപ്പാടി ഗ്രാമപഞ്ചായത്തിൽ ബസ്സ്റ്റോപ്പ് നിർമ്മിക്കുന്നതിന് 2015–16 ൽ 3,50,000/– രൂപ വകയിരുത്തി പ്രോജക്ട് നടപ്പാക്കി. തുക തികയാതെ വന്നതിനാൽ അധിക തുക ഉൾപ്പെടുത്തി. ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്നതിനു പകരം ടെണ്ടർ രീതിയാക്കി. എന്നാൽ ഗുണഭോക്തൃ സമിതിയെക്കൊണ്ട് നിർമ്മാണം നടത്തി. ഈ നടപടിക്ക് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** – ഇത് വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ തദ്ദേശസ്വയം ഭരണ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. പിന്നീട് തീരുമാനമെടുക്കാം.

(നടപടി – സാമൂഹ്യനീതി ഡയറക്ടർ)

യോഗം 2.30 ന് അവസാനിച്ചു.

അനുബന്ധം

**യോഗത്തിൽ പങ്കെടുത്തവർ**

1 ശ്രീ. റ്റി.കെ. ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2 ഡോ. കെ.എൻ. ഹരിലാൽ, മെമ്പർ സ്റ്റേറ്റ്പ്ലാനിംഗ് ബോർഡ്
3 ശ്രീറാം സാംബശിവ റാവു, എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
4 ശ്രീ. എസ്. ഹരികിഷോർ, എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
5 ഡോ. കെ വാസുകി, എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ
6 ശ്രീമതി പ്രസന്നകുമാരി, ചീഫ്, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, പ്ലാനിംഗ് ബോർഡ്
7 ശ്രീ. വി. രതീശൻ, പഞ്ചായത്ത് ഡയറക്ടർ
8 ശ്രീ. എം.പി. അജിത് കുമാർ, അഡീഷണൽ ഡയറക്ടർ
9 ശ്രീ. പി.ആർ.സജികുമാർ, ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
10 ശ്രീ. ബി.എസ്. തിരുമേനി, റൂറൽ ഡെവലപ്മെന്റ് കമ്മീഷ്ണർ
11 ശ്രീ. വി.എസ്. സന്തോഷ് കുമാർ, അഡീഷണൽ ഡവലപ്മെന്റ് കമ്മീഷണർ
12 ശ്രീ. ബി.കെ. ബലരാജ്, ജെ.ഡി (അഡ്മിൻ) ഡി.വി.എ
13 . എം.എസ്.നാരായണൻ നമ്പൂതിരി, ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത്
14 . ശ്രീമതി. ലെതി. എസ്, എ.എസ്, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്
15 ശ്രീ. ജയചന്ദ്രൻ. ആർ, പഞ്ചായത്ത് ഡിപ്പാർട്ട്മെന്റ്
16 ശ്രീ. സനീഷ്കുമാർ കെ.കെ, ആർ.ഒ., എസ്.സി.ഡി.ഡി
17 ശ്രീ. എ.കെ. മോഹനകുമാർ, ജെ.എസ്, തദ്ദേശസ്വയംഭരണ വകുപ്പ്
18 ശ്രീമതി. ശ്രീരഞ്ജിനി, സീനിയർ സൂപ്രണ്ട്, ഡി.യു.എ
19 ശ്രീ. കെ.രാജു, ജെ.ഡി, കേരളാ സ്റ്റേറ്റ് ആഡിറ്റ് വിഭാഗം
20 ശ്രീമതി ഹരിതാ വി. കുമാർ, നഗരകാര്യ ഡയറക്ടർ
21 ശ്രീ. അനീഷ്. എ. പ്രോജക്ട് മാനേജർ, ഐ.കെ.എം
22 ശ്രീ. രാമനാഥൻ. വി.
23 ശ്രീമതി. ലിഷ മോഹൻ, എഡി.സി, സി.ആർ.ഡി
24 ശ്രീ. ജോസഫ്. സി. പി., പി.ഒ, ശുചിത്വമിഷൻ
25 ശ്രീ. എസ്. സുരേഷ്കുമാർ, അണ്ടർ സെക്രട്ടറി
26 ശ്രീ. കെ. അർജ്ജുനൻ, എസ്.ആർ.ജി. മെമ്പർ
27 ശ്രീ. റ്റി. സുരേഷ് ബാബു. എസ്.ആർ.ജി. മെമ്പർ.